# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 323 | 10.05.2017- ൽ മറുപടിയ്ക്ക്

**തൊഴിൽനഷ്ട ഭീതിയിലായ പ്രവാസികളുടെ അശങ്കയകറ്റാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.മുകേഷ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.പി.ടി.എ.റഹീം | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിലെ (ഷോപ്പിംഗ് മാൾ) തൊഴിൽ തദ്ദേശീയർക്കു മാത്രമായി പരിമിതപ്പെടുത്തിയത് അവിടെ പണിയെടുക്കുന്ന പതിനായിരക്കണക്കിന് കേരളീയരുടെ മടക്കത്തിനിടയാക്കാൻ സാധ്യതയുള്ള കാര്യം പരിശോധിച്ചിരുന്നോ; | (എ) പരിശോധിച്ചിരുന്നു. |
| (ബി) വ്യാപകമായ തോതിൽ പ്രവാസികൾ മടങ്ങേണ്ടി വരികയാണെങ്കിൽ അവരുടെ പുനരധിവാസത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ഗൾഫ് നാടുകളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവൽക്കരണവും എണ്ണയുടെ വിലക്കുറവുകൊണ്ടുണ്ടായ സാമ്പത്തിക പ്രതിസന്ധിയും കാരണം പ്രവാസി മലയാളികൾ ജോലി നഷ്ടപ്പെട്ട് തിരികെ എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താരതമ്യേന അവിദഗ്ദ തൊഴിലാളികളെയാണ് ഇത് ബാധിക്കുന്നത്. സംസ്ഥാന സർക്കാർ ഇത്തരം പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി സാധ്യമായ എല്ലാ മുന്നൊരുക്കങ്ങളും ചെയ്തു വരുന്നുണ്ട്. തിരികെ എത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയുണ്ട്. ഈ പദ്ധതി പ്രകാരം ഇരുപത് ലക്ഷം രൂപ വരെ മുതൽ മുടക്ക് ആവശ്യമായി വരുന്ന സംരംഭങ്ങൾക്ക് പതിനഞ്ച് ശതമാനം വരെ മൂലധന സബ്സിഡിയും, ആദ്യത്തെ നാലു വർഷം ലോൺ തിരിച്ചടവിന് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകി വരുന്നു. |

കൂടാതെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും, പരിശീലനവും നൽകാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ബാങ്കുകളെയും, ധനകാര്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) തൊഴിൽനഷ്ട ഭീതിയിലായ പ്രവാസി തൊഴിലാളികളുടെ അശങ്കയകറ്റാൻ ഏതുതരത്തിൽ ഇടപെടാൻ സാധ്യമാകുമെന്ന് അറിയിക്കാമോ?

(സി) ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികൾ മുഖാന്തിരം ചെയ്യാനും, കൂടാതെ ആ രാജ്യത്തെ ചേമ്പർ ഓഫ് കോമേഴ്സ്, മറ്റ് വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ആശയ വിനിമയം നടത്തി മറ്റ് സ്ഥാപനങ്ങളിൽ അവർക്ക് ജോലി ലഭിക്കുന്നതിനായി സാധ്യമായ നടപടികൾ സ്വീകരിക്കാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ